## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 7108 — 03.11.2011-ലെ മറുപടിയ്ക്ക്

# സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>,, എ. പ്രദീപ്കുമാർ<br>,, വി. ശിവൻകുട്ടി<br>,, ജെയിംസ് മാത്യു | ശ്രീ. സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘം ജീവനക്കാരുടെ സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീം പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;<br>(ബി) പ്രസ്തുത റിപ്പോർട്ട് പെൻഷൻ ബോർഡ് അംഗീകരിച്ചിട്ടുള്ളതാണോ; | (എ) യും (ബി) യും 2010-11 വർഷത്തെ വാർഷിക റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (സി) പ്രസ്തുത സ്കീമിൽ നിന്ന് എത്ര പേർക്ക് പെൻഷനും കുടുംബപെൻഷനും നൽകിവരുന്നുണ്ട്; പെൻഷൻ സ്കീം വിഭാവനം ചെയ്തതിനനുസൃതമായി തുടർന്നു പോകുന്നതിന് എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ; | (സി) സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ സ്കീം പ്രകാരം നാളിതുവരെ 8615 പേർക്ക് പെൻഷനും 895 പേർക്ക് കുടുംബപെൻഷനും അനുവദിച്ചിട്ടുണ്ട്. പെൻഷൻ സ്കീം വിഭാവനം ചെയ്തതിനനുസൃതമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ജീവനക്കാരന്റെ പേരിൽ അടവാകുന്ന പെൻഷൻ ഫണ്ട് പര്യാപ്തമല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത സ്കീം പ്രകാരം എന്തു തുക നിക്ഷേപമുണ്ട് എന്നും അത് എവിടെയാണെന്നും വ്യക്തമാക്കാമോ; | (ഡി) | സ്വാശ്രയ പെൻഷൻ സ്കീം പ്രകാരം 50815.18 ലക്ഷം രൂപ യുടെ നിക്ഷേപമുണ്ട്. പ്രസ്തുത നിക്ഷേപം സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളിലും, സംസ്ഥാന സഹകരണ ബാങ്കിലും നിക്ഷേപമായും പരിയാരത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ക്ലിപ്തം നം. 4386 ൽ 100 ലക്ഷം രൂപ ഓഹരിയായും 110 ലക്ഷം രൂപ സ്ഥിര നിക്ഷേപമായും നിക്ഷേപിച്ചിട്ടുണ്ട്. |
| (ഇ) | പെൻഷൻ ഫണ്ടിലേക്കുള്ള എത്ര തുക കുടിശ്ശികയായിട്ടുണ്ട്? | (ഇ) | പെൻഷൻ ഫണ്ടിലേയ്ക്ക് നാളിതുവരെ 3,46,18,156/- രൂപ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ